# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4042 25.06.2014 ൽ മറുപടിക്ക്

**ഹീമോഫീലിയ രോഗികൾക്ക് കൂടുതൽ ചികിത്സാ സൗകര്യങ്ങളും മരുന്നുകളും**

| ചോദ്യം<br>ശ്രീ. ബി.ഡി.ദേവസ്സി : | | മറുപടി<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഹീമോഫീലിയ രോഗികൾക്ക് ചികിത്സ ലഭിക്കുന്നതിന് സർക്കാർ മേഖലയിൽ സൗകര്യങ്ങൾ പരിമിതമാണെന്ന് പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇവർക്ക് ചികിത്സയ്ക്കായി കൂടുതൽ സർക്കാർ ആശുപത്രികളിൽ സൗകര്യമേർപ്പെടുത്തുന്നതിനും മരുന്നുകൾ കാരുണ്യാ മെഡിക്കൽ സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) | ഹീമോഫീലിയ രോഗികൾക്ക് ഫാക്ടർ ഇൻജക്ഷൻ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ലഭ്യമാണ്. കാരുണ്യ ബനവലന്റ് ഫണ്ടുമായി സഹകരിച്ച് ഹീമോഫീലിയ രോഗികൾക്കുള്ള ഫാക്ടർ-7, ഫാക്ടർ-8, ഫാക്ടർ-9, ഫീബിയ തുടങ്ങിയ മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ മുഖേന വിതരണം നടത്തി വരുന്നു.ഹീമോഫീലിയ ബാധിതരുടെ ദുരിതാവസ്ഥ പഠിക്കുന്നതിനായി സാമൂഹ്യ നീതി വകുപ്പ് 01.04.2013-ലെ ജി.ഒ(ആർ.ടി) നം. 158/2013/ സാനീവ നമ്പർ ഉത്തരവ് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിൽ 7 അംഗ കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി ശുപാർശകളടക്കം സമർപ്പിച്ച റിപ്പോർട്ട് സാമൂഹ്യക്ഷേമ വകുപ്പിന്റെ പരിശോധനയിലാണ്. |
| (സി) | ഹീമോഫീലിയ രോഗികൾക്ക് ആർ.എസ്.ബി.വൈ. ചിസ് പ്ലസ് ആനുകൂല്യം ലഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | ഈ വിഷയം 24.06.2014 ന് ചേരുന്ന ചിയാക്കിന്റെ ഉന്നതാധികാര സമിതിയുടെ ചർച്ചയ്ക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്. സമിതിയുടെ തീരുമാനപ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

Manjuk

സെക്ഷൻ ഓഫീസർ